# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തുറവൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P.2/1067/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 30/09/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P.2/1067/2022 തീയ്യതി: 30/09/2022

## ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2021 മുതൽ 31-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 08-08-2022 | 20-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-08-2022 | 20-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ്.എസ് , ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.എ.ഡി.ബീന , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രഞ്ജു പ്രകാശ് , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. പ്രീത , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.മോളി രാജേന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സതീദേവി രാമൻനായർ | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീ.ഫൗലാദ്.എ.എഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-06-2021 | 01-07-2021 |
| ശ്രീ.ഷാനവാസ്.ഇ | സെക്രട്ടറി | 02-07-2021 | 07-10-2021 |
| ശ്രീ.ഫൗലാദ്.എ.എഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-10-2021 | 26-11-2021 |
| ശ്രീമതി.പി.ജയ | സെക്രട്ടറി | 27-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .സുചിത്ര ബി ഷേണായ് | കൃഷി ഓഫീസർ | 01-04-2021 | 23-09-2021 |
| ശ്രീമതി .മിത്ര എച്ച് ഷേണായ് | കൃഷി ഓഫീസർ | 24-09-2021 | 31-03-2022 |
| ശ്രീമതി .ശാലിനി വിൽക്കിൻസൺ | വെറ്ററിനറി സർജൻ | 01-04-2021 | 14-11-2021 |
| ശ്രീ.ജിജിൻ.എസ് | വെറ്ററിനറി സർജൻ | 15-11-2021 | 31-03-2022 |
| ശ്രീമതി .ശീതൾ പ്രദീപ് കുമാർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 21-11-2021 |
| ശ്രീമതി .ധന്യ.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 22-11-2021 | 07-12-2021 |
| ശ്രീമതി .സാലിമോൾ.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 08-12-2021 | 31-03-2022 |
| ശ്രീമതി .നീന ചന്ദ്രൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 18-04-2021 |
| ശ്രീ.രഞ്ജിത് മോനായ് സി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 19-04-2021 | 31-03-2022 |
| ശ്രീമതി .ലക്ഷ്മി യശോധരൻ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീമതി .ആഷാമോൾ ആന്റണി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി .കലാവതി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി .ദിവ്യ ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 16-07-2021 |

| | | | |
|---|---|---|---|
| ശ്രീ.കബീർ കെ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 17-07-2021 | 31-03-2022 |
| ശ്രീമതി .സജിത എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സുനീഷ് കെ ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഫൗലാദ് എ എഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.വിനീത് എൻ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Renju Prakash (Senior Grade Auditor, On 14-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Renju Prakash (Senior Grade Auditor, On 14-08-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 15-08-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: S.Suresh (Audit Officer (HG), On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Renju Prakash (Senior Grade Auditor, On 14-08-2022)<br>Last Updated By: S.Suresh (Audit Officer (HG), On 23-08-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Renju Prakash (Senior Grade Auditor, On 14-08-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 20-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 20-08-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-9 |
| 11 | വസ്തു നികുതി പരിശോധന<br>Written By: Renju Prakash (Senior Grade Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-10 |
| 12 | യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല<br>Written By: Preetha (Auditor, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-11 |
| 13 | വാടകക്കാരുമായി കരാറിലേർപ്പെടുന്നില്ല<br>Written By: Preetha (Auditor, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Preetha (Auditor, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-13 |
| 15 | വർഷങ്ങളായി വാടക നിരക്കിൽ വർദ്ധനവില്ലാതെ തുടരുന്നു<br>Written By: Preetha (Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-14 |
| 16 | അങ്കണവാടി പോഷകാഹാര വിതരണം -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-15 |
| 17 | എർത്ത് വർക്കിന് 12% GST അനുവദിച്ചു | 1-16 |

| | | |
|---|---|---|
| | Written By: S.Suresh (Audit Officer (HG), On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | |
| 18 | പ്രൈമർ അടിക്കുന്നതിനുളള നിരക്ക് കൂടിഉൾപ്പെട്ട പെയിന്റിംഗ് നടത്തുമ്പോൾ പ്രൈമർഅടിക്കുന്നതിന് വീണ്ടും പ്രത്യേകം ഇനം ചെയ്യുന്നത് അധികച്ചെലവിനിടയാക്കുന്നു<br>Written By: S.Suresh (Audit Officer (HG), On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-17 |
| 19 | റോഡിന്റെ ഭാഗമല്ലാത്ത കാണനിർമ്മാണത്തിനും,സംരക്ഷണഭിത്തി നിർമ്മാണത്തിനും MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് അധികച്ചെലവിനിടയാക്കി<br>Written By: S.Suresh (Audit Officer (HG), On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-18 |
| 20 | അങ്കണവാടി നമ്പർ 125 ന്റെ പുനരുദ്ധാരണം അധികച്ചെലവ് 3322/-<br>Written By: S.Suresh (Audit Officer (HG), On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-19 |
| 21 | അകവശം പെയിന്റ് ചെയ്തതിന് രണ്ട് ഇനങ്ങളിൽ ഉൾപ്പെടുത്തി തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-20 |
| 22 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 15- പ്രവൃത്തി നടപ്പിലാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-21 |
| 23 | പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവ് – തുക ആവർത്തിച്ച് നൽകി<br>Written By: A.D.Beena (Asst. Audit Officer, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-22 |
| 24 | ഐ.കെ.എം. വിഹിതം – വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-23 |
| 25 | പ്രോജക്ട് അസിസ്റ്റന്റിന് വേതനം നൽകൽ -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-24 |
| 26 | വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-25 |
| 27 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Renju Prakash (Senior Grade Auditor, On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-26 |
| 28 | സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല<br>Written By: Preetha (Auditor, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-27 |
| 29 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല<br>Written By: Renju Prakash (Senior Grade Auditor, On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-28 |
| 30 | ലൈഫ് ഭവന പദ്ധതി(മത്സ്യ തൊഴിലാളി)<br>Written By: Renju Prakash (Senior Grade Auditor, On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-29 |
| 31 | തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത വൃക്ഷത്തൈ നഴ്സറി നിർമ്മാണം - കൂടുതൽ മനുഷ്യദിനങ്ങൾ അനുവദിക്കുന്നു<br>Written By: S.Suresh (Audit Officer (HG), On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 1-30 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവ് -തുക ആവർത്തിച്ച് നൽകി<br>Written By: A.D.Beena (Asst. Audit Officer, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 3-1 |
| 2 | അങ്കണവാടി പോഷകാഹാര വിതരണം -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 21-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 3-2 |
| 3 | എർത്ത് വർക്കിന് 12% GST അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 3-3 |
| 4 | അകവശം പെയിന്റ് ചെയ്യതിന് രണ്ട് ഇനങ്ങളിൽ ഉൾപ്പെടുത്തി തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 3-4 |
| 5 | അങ്കണവാടി നമ്പർ 125 ന്റെ പുനരുദ്ധാരണം അധികച്ചെലവ് 3322/-<br>Written By: S.Suresh (Audit Officer (HG), On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 3-5 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 15-08-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 15-08-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 15-08-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 15-08-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Renju Prakash (Senior Grade Auditor, On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 4-10 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 16.02.2021 ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 04.03.2022 തീയതിയിലെ 22 (3) നമ്പർതീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 29,83,93,000 | 31,80,13,600 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക) | 24,01,14,084 | 24,50,95,647 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 06.07.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. ACR പ്രകാരം CFC ഗ്രാന്റിനത്തിൽ ആകെ ചെലവ് കാണിച്ചിരിക്കുന്നത് 14409541/- രൂപയാണ്. ഈ തുകയിൽ ഇ-ഗ്രാമസ്വരാജ് അക്കൌണ്ടിൽ നിന്നും38060/-രൂപ ചെലവഴിച്ചിരിക്കുന്നത് 2022-23 വർഷമാണ്.

2.വസ്തു നികുതി റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ എന്നിവയിൽ ബുക്ക് അഡ്ജസ്റ്റ്മെന്റായി യഥാക്രമം 9072/-ഉം 7449/ഉം കളക്ഷനായി കാണിച്ച് ബാലൻസ് ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിശദാംശങ്ങൾ (ഏതെല്ലാം കെട്ടിടങ്ങളുടേതാണെന്ന്) ഹാജരാക്കിയില്ല. എന്നാൽ മുൻവർഷത്തെ ബാലൻസ് ഷീറ്റിൽ (B-9) ഈയിനങ്ങളിലെ മുൻകൂർ 1336/- മാത്രമാണ്.

3.തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഈയിനത്തിലെ ഡിമാന്റ്, നീക്കിയിരിപ്പ് എന്നിവ അക്കൌണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | അക്കൌണ്ട്സ് പ്രാകരം | റിമാർക്സ് |
|---|---|---|---|
| ഡിമാന്റ് | 1678440 | 1518560 | കളക്ഷൻ തന്നെയാണ് ഡിമാന്റായി കാണിച്ചിരിക്കുന്നത് |
| നീക്കിയിരിപ്പ് | 159880 | ഇല്ല | |

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന ആസ്തിയുടെ കൃത്യത പരിശോധിക്കാനായില്ല.

5. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,69,53,458 |
| വരവ് | 10,40,33,934 |
| ആകെ | 12,09,87,392 |
| ചെലവ് | 9,54,97,316 |
| നീക്കിയിരിപ്പ് | 2,54,90,076 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 19949771 | 3391691 | 23341462 | 21922000 | 1419462 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | | 8772608 | 368909 | 9159517 | 8295393 | 864124 (ലാപ്സായി) |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (റ്റി.എസ്.പി) | | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 9944485 | 0 | 9944485 | 2541815 | 7402670 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 8214345 | 0 | 8214345 | 5076986 | 3137359 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | | 12603066 | 0 | 12603066 | 9013300 | 2055554 (ലാപ്സായി) 1534212/-രൂപCFC Bank Account-ൽ നിലനില്ക്കുന്നുണ്ട്. |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | | 6576960 | 0 | 6576960 | 5396241 | 1083678 (ലാപ്സായി) 97041/-രൂപCFC Bank Account-ൽ നിലനില്ക്കുന്നുണ്ട്. |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2021-22 | 197 | 13,65,79,534 | 158 | 7,04,23,673 | 25 | 14 | 80.20 |

## 1-6 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 128321 | 1215462 | 1343783 | 1338507 | 5276 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 94099493 | 94099493 | 94099493 | |
| ആകെ | 128321 | 95314955 | 95443276 | 95438000 | 5276 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 203520 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 7880800 | 494 |
| വിധവാ പെൻഷൻ | 13029600 | 857 |
| വാർദ്ധക്യകാല പെൻഷൻ | 33113300 | 2634 |
| വികലാംഗ പെൻഷൻ | 5908400 | 377 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 2005800 | 128 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-08-2022 തീയതിയിൽ 3.15 പി.എം -ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 32524/- രൂപ ക്യാഷ് ബാലൻസിന്റെ (നീക്കിയിരുപ്പിന്റെ) കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്.

പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

ക്യാൻസൽ ചെയ്യുന്ന മാന്വൽ രസീതുകളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

പഞ്ചായത്തിന്റെ ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ളവർ ഗ്രാമപഞ്ചായത്തുമായി കരാർ വെക്കുന്നില്ല. ഉറവൂർ ഗ്രാമപഞ്ചായത്ത് വകയായിട്ടുള്ള ശ്രീ.തണ്ടാർ സ്മാരകഹാൾ കെട്ടിട സമുച്ചയവും പഞ്ചായത്ത് എൽ.പി സ്കൂളിലെ മൂന്നുമുറികളും ശ്രീ.ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയുടെ പ്രാദേശിക കേന്ദ്രം നടത്തുന്നതിലേയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടക നാളിതുവരെ പുതുക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 വസ്തു നികുതി പരിശോധന

ശ്രീ.അനന്തകൃഷ്ണൻ, ശ്രീമതി ശ്രീദേവി, രാധേയം, ഉറവൂർ പി.ഒ എന്നിവരുടെ പേരിലുള്ളതും 649.715 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തിന് V/156, 157, 158, 158A, 158 B, 159, 160, 161, 162, 163, 164, 165, 166, 167,168, 169, 169A, 170, 171, 172, 173, 174, 175,176, 177, 179E, 179 H, 179D, 179 C, 179Iവരെയുള്ള നമ്പരുകൾ നൽകി വസ്തുനികുതി കണക്കാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തെ 100 ചതുരശ്രമീറ്റർ വരെയുള്ള തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തി വേണമായിരുന്നു നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. തെറ്റായ നികുതി കണക്കാക്കലിലൂടെ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.
വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത

ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ലൈസൻസിയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | ഉപയോഗക്രമം |
|---|---|---|---|
| 1 | സുമഗല സജി | 2/466 | സോഡ നിർമ്മാണം |
| 2 | മോഹൻദാസ് | 15/316 | പൊടി മിൽ |
| 3 | ബിന്ദു പൗലോസ് | 2/410 | തുരിശ് നിർമ്മാണം |
| 4 | ബിന്ദു പൗലോസ് | 2/410A | തുരിശ് നിർമ്മാണം |
| 5 | ജോർജ്ജ് സ്റ്റീഫൻ | 1/51A | ഫർണ്ണിച്ചർ നിർമ്മാണം |
| 6 | രാജു ബി | 7/311A | സോഡ നിർമ്മാണം |
| 7 | ജയകുമാർ കെ .ആർ | 5/129A | ഫ്ളോർ മിൽ |
| 8 | ജയ്മോൻ സെബാസ്റ്റ്യൻ | 13/178c | ഫർണ്ണിച്ചർ നിർമ്മാണം |
| 9 | ശുഭ | 7/588 | ഫ്ളോർ മിൽ |
| 10 | കുമാരൻ | 10/245A | ഫർണ്ണിച്ചർ നിർമ്മാണം |
| 11 | ജോഷി എഎഫ് | 8/9A | സോഡ നിർമ്മാണം |

മോട്ടോർ ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.20/20.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള യന്ത്രസാമഗ്രികളുപയോഗിച്ച് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും വാർഷിക ലൈസൻസ് ഫീസിനു പുറമേ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളുടെ കുതിരശക്തിക്കാനുപാതികമായി മോട്ടോർ ലൈസൻസ് ഫീസ് കൂടി കണക്കാക്കി ഈടാക്കേണ്ടതാണ്.

## 1-12 വാടകക്കാരുമായി കരാറിലേർപ്പെടുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്കു നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്നവർക്ക് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും അവരുമായി നിശ്ചിത മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് മുറി നമ്പർ | മുദ്രപത്രവിലയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം |
|---|---|---|---|
| 1 | സതിയമ്മ | 2 | 200 |
| 2 | രാജേഷ് | 4 | 200 |
| 3 | ചന്ദ്രബാബു | 5 | 200 |
| 4 | ബിനുലാൽ | 6 | 200 |
| 5 | ബിനുലാൽ | 8 | 200 |
| 6 | വിനോദ് കുമാർ | 12 | 200 |
| 7 | രവി പി പിള്ള | 13 --16 | 200 |
| 8 | ബിന്ദു | 17--20 | 200 |

| | | | |
|---|---|---|---|
| 9 | ബിന്ദു | 21,22 | 200 |
| 10 | കുഞ്ഞുമണി | സ്റ്റയർ റൂം | 200 |

കെട്ടിടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ നിയമപ്രകാരം കരാർ ചമയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16/19.8.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിയമപ്രകാരം കരാറിലേർപ്പെടാത്തത് വ്യവഹാരത്തിന് നിയമസാധുത ഇല്ലാതാക്കുക മാത്രമല്ല സർക്കാരിന് ലഭിക്കേണ്ട സ്റ്റാമ്പ് നികുതിയും നഷ്ടപ്പെടുത്തുന്നു. സ്റ്റാമ്പ് നികുതിയിനത്തിൽ നഷ്ടപ്പെട്ട 2000/-രൂപ ഒടുക്കുവരുത്തി അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ ചുവടെ കൊടുക്കുന്നു.

1.സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1 | എക്സൈസ്റേഞ്ച് ഓഫീസ്, കുത്തിയതോട് | 1 |
| 2 | തുറവൂർ റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 2 |
| 3 | വളമംഗലം ക്ഷീരോൽപാദക സഹകരണ സംഘം. | 2 |
| 4 | തുറവൂർ ദേവസ്വം | 1 |
| 5 | സൈ്മയിൽ കെയർ ഡന്റൽ ക്ളിനിക്ക് | 2 |
| 6 | ഡോ.ജയൻസ് ആയുർവേദ ക്ളിനിക്ക് | 1 |
| | | |

*2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന അംഗീകൃത കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.*

*3.* സ്ഥാപന നികുതി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | വളമംഗലം ക്ഷീരോൽപാദക സഹകരണ സംഘം. | 2 |
| 2. | തുറവൂർ റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 2 |
| 3 | മാവേലി സ്റ്റോർ, പള്ളിത്തോട് | 1&2 |

| | | |
|---|---|---|
| 4 | പട്ടികജാതി വികസന സഹകരണ സംഘം | 1&2 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.11/19.8.2022) നൽകിയതിന് മറുപടി നൽകിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വർഷങ്ങളായി വാടക നിരക്കിൽ വർദ്ധനവില്ലാതെ തുടരുന്നു

10.01.2005 മുതൽ ഉറവൂർ ഗ്രാമപഞ്ചായത്ത് വകയായിട്ടുള്ള ശ്രീ.തണ്ടാർ സ്മാരകഹാൾ കെട്ടിട സമുച്ചയവും പഞ്ചായത്ത് എൽ.പി സ്കൂളിലെ മൂന്നുമുറികളും ശ്രീ.ശങ്കരാചാര്യസംസ്കൃത യൂണിവേഴ്സിറ്റിയുടെ പ്രാദേശിക കേന്ദ്രം നടത്തുന്നതിലേയ്ക്ക് 18.12.2004 ൽ വ്യവസ്ഥകൾക്കു വിധേയമായി വാടക കരാർ വ്യവസ്ഥയിൽ ഏറ്റെടുത്തിട്ടുള്ളതായിരുന്നു. അതിന്റെ കാലാവധി 9.01.2008 ൽ അവസാനിച്ച സാഹചര്യത്തിൽ 15% വാടക അധികരിച്ച് കരാർ പുതുക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിരുന്നെങ്കിലും വാടക കൂട്ടുന്നതിന് സർവ്വകലാശാലയ്ക്ക് യോജിപ്പില്ലാത്തതിനാൽ നിലവിലുള്ള 9600/-രൂപയിൽ കരാർ പുതുക്കി സമ്മതിച്ചിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ പുതുക്കിയ ഉത്തരവ് വരുന്നതിനനുസരിച്ച് യൂണിവേഴ്സിറ്റി കരാർ വ്യവസ്ഥയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താമെന്ന് കരാറിൽ സമ്മതിച്ചിട്ടുള്ളതിനാൽ പഞ്ചായത്ത് ഡയറക്ടർ വാടക കൂട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 അങ്കണവാടി പോഷകാഹാര വിതരണം -അപാകതകൾ

പ്രോജക്ട് നം. - S0117/22(സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - അങ്കണവാടി പോഷകാഹാര വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

കേന്ദ്രാവിഷ്കൃത ഫണ്ട് - 1000000/-

ചെലവ്

ചെക്ക് നം.2973631/30.09.21 തുക.896513/-

6 വയസ്സുവരെയുള്ള കുട്ടികൾക്കും, കൗമാരക്കാരായ പെൺകുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കുമുള്ള പോഷകാഹാര വിതരണത്തിനായുള്ള പ്രോജക്ട്. മേൽ പ്രോജക്ടിൽ നിന്നും 896513/-രൂപ താഴെ ചേർക്കും പ്രകാരം ചെലവഴിച്ചു.

| Sl.no. | Name Of Beneficiary | Account No. | Purpose | Amount |
|---|---|---|---|---|
| 1 | P.Kamalakaran | 20252938642 | Driver | 4365 |
| 2 | Kerala Civil Supplies Corporation | 16270200000256 | Cost Of Provisions | 788451 |
| 3 | Symphony Food Suppliment Unit | 854110110000344 | Cost Of Amrutham Food | 103697 |
| Total Amount | | | | 896513 |

ചെലവിനത്തിൽ അപാകത ഉള്ള ബില്ലിന്റെ വിവരം താഴെ കൊടുക്കുന്നു.

| Sl. No. | Commodity | Qty | Rate | Tax | Rate W/tax | Sale Value |
|---|---|---|---|---|---|---|
| 1 | Sreyas Matta Aval 1kg | 75kg | 67.20 | 0 | 67.20 | 5040 |
| 2 | Sreyas Fried Groundnut 1kg | 57kg | 151.20 | 12 | 169.34 | 9652.38 |
| 3 | Sreyas Mad.myr. Jagry 1kg | 535kg | 73.92 | 0 | 73.92 | 39547.20 |
| Total Sale Value | | | | | | 54239.58 |
| | | | | | | |
| Product Value | | | | | | 53205.60 |

| | |
|---|---|
| CGST | 516.99 |
| SGST | 516.99 |
| CESS | 86.18 |
| Round Off Adj | 0.24 |
| Net Amount | 54326 |

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ, ഉറവൂർ ഡിപ്പോയുടെ 30.06.2020 ലെ 0405202/20820 നം. ബില്ല് പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിവരം ആണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

ഫുഡ് സ്റ്റോക്ക് രജിസ്റ്ററിലെയും വിതരണ സ്റ്റേറ്റ്മെന്റിലെയും രേഖപ്പെടുത്തൽ പ്രകാരം 65 കി.ഗ്രാം അവൽ മാത്രമാണ് 109 മുതൽ 135 വരെയുള്ള 27 അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുള്ളത്. 27 അങ്കണവാടികളുടെ കൈപ്പറ്റ് രേഖയിലും 65 കി.ഗ്രാം ആണ് കൈപ്പറ്റിയിട്ടുള്ളത്. മേൽ ബില്ല് പ്രകാരം 10 കി.ഗ്രാം അവൽ വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയതി.20.08.22) മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യാതിരുന്ന 10 കി.ഗ്രാം അവലിന്റെ വിലയായ 672/-രൂപ ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-16 എർത്ത് വർക്കിന് 12% GST അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | തോണിത്തോട് ആഴംകൂട്ടി ശുചിയാക്കൽ W-6,8,12 |
| പ്രോജക്ട് നം. | S0237/20 |
| അടങ്കൽ | 4.5 ലക്ഷം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരന്റെ പേര് | പി.എസ്.സുനിൽകുമാർ |
| അളവു പുസ്തകം | നമ്പർ രേഖപ്പെടുത്തിയിട്ടില്ല |
| ചെലവു വിവരം | 45/30-03-22 രൂപ 434118/- |

തോണിത്തോട് ആഴംകൂട്ടി ശുചിയാക്കൽ എന്ന പ്രവൃത്തിയിൽ തോടിന് ആഴം കൂട്ടുന്നതിന് എർത്ത് വർക്ക് എക്സ്കവേഷൻ 4301.35m$^3$ ചെയ്തിട്ടുണ്ട്. കൂടാതെ തോടിന്റെ ഇരുവശമുള്ള വെജിറ്റേഷൻ നീക്കം ചെയ്യുകയും ചെയ്തനുസരിച്ച് ആകെ മൂല്യം 387605 വരുന്നുണ്ട്. ഈ തുകയോടൊപ്പം 12% GST ഉൾപ്പെടെയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ 30/2017 ഇന്റഗ്രേറ്റഡ് ടാക്സ്(റേറ്റ്) അനുസരിച്ച് ഒരു പ്രവൃത്തിയിൽ എർത്ത് വർക്കാണ് മുഖ്യമായി വരുന്നതെങ്കിൽ ആ പ്രവൃത്തിക്ക് GST 5% ആണ് ബാധകം. മേൽ പ്രവൃത്തിയിൽ എർത്ത് വർക്കാണ് മുഖ്യമായി വന്നിരുന്നിട്ടും 12% GST അനുവദിച്ചത് അധികം ചെലവഴിക്കാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 387605 |
| അനുവദിച്ച GST – 12% | 46513 |
| അനുവദനീയമായ GST -5% | 19380 |
| GST ഇനത്തിൽ അധികം ചെലവഴിച്ചത് | 46513 – 19380 = 27133 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12) അറിവില്ലായ്മയാണ് കാരണമായി ബോധിപ്പിച്ചിട്ടുള്ളത്.

## 1-17 പ്രൈമർ അടിക്കുന്നതിനുള്ള നിരക്ക് കൂടിഉൾപ്പെട്ട പെയിന്റിംഗ് നടത്തുമ്പോൾ പ്രൈമർഅടിക്കുന്നതിന് വീണ്ടും പ്രത്യേകം ഇനം ചെയ്യുന്നത് അധികച്ചെലവിനിടയാക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വിവിധ കെട്ടിടങ്ങൾക്കും ചുറ്റുമതിലുകൾക്കും പ്രൈമർ അടിക്കുന്നതിനുള്ള നിരക്ക് കൂടിഉൾപ്പെട്ട പെയിന്റിംഗ് ഇനം ചെയ്യുമ്പോൾ പ്രൈമർ അടിക്കുന്നതിന് വീണ്ടും പ്രത്യേകം ഇനം ചെയ്യുന്നത്

അധികച്ചെലവിനിടയാക്കുന്നു. പ്രൈമർ അടിക്കുന്നതിനുള്ള നിരക്ക് കൂടി ഉൾപ്പെട്ട പെയിന്റിംഗ് ഇനം ചുവടെ കൊടുക്കുന്നു.

1.(specification13.45.1)Finishing Walls With Textured Exterior Paint Of Required Shade (Two Or More Coats Applied @ 3.28 Ltr/10 Sqm Over And Includingpriming Coat Ofexterior Primer Applied @ 2.20 Kg/10sqm.

2. Finishing With Deluxe Multi Surface Paint System For Interiors And Exteriors Two Or More Coats Applied @ 0.90 Ltr/10 Sqm Over An Under Coat Of Primer Applied @ 0.75ltr/10sqm

മേൽപ്പറഞ്ഞ ഇനങ്ങൾ ചെയ്ത പ്രവൃത്തിയിൽ അധികമായി പ്രൈമർ അടിക്കുന്നതിനുള്ള ഇനം ഉൾപ്പെടുത്തി ചെയ്തതു വഴിയുണ്ടായ അധികച്ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകരൻ | പെയിന്റിംഗ് ചെയ്തഇനം | പ്രൈമർ അടിച്ചതിന്റെ ചെലവ് Applying One Coat Of Cement Primer(specification 13.43.1) | അളവു പുസ്തകം | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | PHCകെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണം | ആന്റണി ജോൺ | Finishing Walls With Textured Exterior Paint Of Required Shade<br>330.145 M2 | 330.145 M2 @ 54.95 = 18141 | 3/TVR/21-22 | 5813743/2-02-22 രൂപ 526733/-<br>269/21-01-22 രൂപ 59563/- |
| 2 | പുത്തൻചന്ത LPS മൂത്രപ്പുര നിർമ്മാണം | വിപിൻ കട്ടപ്പൻ | Finishing With Deluxe Multi Surface Paint System For Interiors And Exteriors<br>40.550 M2 | 40.559 M2 @53.21 = 2158/- | 3/TVR /20-21 | 160/29-10-21 രൂപ 42232/- |
| 3 | എൽ പി സ്കൂളിൽ ടോയ് ലെറ്റ് നിർമ്മാണം | വിപിൻ കട്ടപ്പൻ | IFinishing With Deluxe Multi Surface Paint System For Interiors And Exteriors<br>84.21 M2 | 84.21 M2 @ 54.79 = 4614 /- | 2/TVR /20-21<br>57/TVR /20-21<br>58/TVR /20-21 | 847816/08-07-21 രൂപ 400000/-<br>1261279/09-09-21 രൂപ 17918/- |
| 4 | 128-ാം നമ്പർ അങ്കണവാടിക്ക് അനുബന്ധസൗകര്യങ്ങൾ | ആന്റണി മനു പോൾ | Finishing Walls With Textured Exterior Paint Of Required Shade<br>75 M2 | 75 M2 @54.95 = 4122/- | 68/TVR /20-21<br>69/TVR /20-21 | 162/06-11-21 രൂപ 267768/- |
| | ആകെ | | | 29035 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13 ) ഒരു കോട്ട് പ്രൈമർ അടിച്ചാൽ പ്രതലം സ്മൂത്ത് ആകുക പ്രയാസമാണെന്നും രണ്ടോ മൂന്നോ കോട്ട് പ്രൈമർ ചെയ്താൽ മാത്രമേ എമൽഷൻ ചെയ്യാൻ ആവുകയുള്ളുവെന്നും അതിനാലാണ് രണ്ട് ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. Finishing Walls With Textured Exterior Paint, Finishing With Deluxe Multi Surface Paint എന്നീ ഇനങ്ങളിൽ പ്രൈമർ അടിക്കുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് നിരക്ക് കണ്ടെത്തി അനുവദിച്ചിരിക്കുന്നത്. അതിനാൽ മേൽപ്പറഞ്ഞ മറുപടി അംഗീകരിക്കുന്നില്ല. അധികച്ചെലവ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 റോഡിന്റെ ഭാഗമല്ലാത്ത കാണനിർമ്മാണത്തിനം,സംരക്ഷണഭിത്തി നിർമ്മാണത്തിനം MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് അധികച്ചെലവിനിടയാക്കി

റോഡിന്റെ ഭാഗമല്ലാതെ തോടിന്റെ സൈഡിലുള്ള കാണനിർമ്മാണത്തിനം, സംരക്ഷണഭിത്തി നിർമ്മാണത്തിനം MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 247.45/$m^3$ ഉം (കോസ്റ്റ് ഇൻഡക്സ് 48.71) 289.74/$m^3$ ഉം (കോസ്റ്റ് ഇൻഡക്സ് 41.53) ആണ്. എന്നാൽ MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ അനുവദിച്ചിരിക്കുന്ന നിരക്ക് യഥാക്രമം 553.17/$m^3$ (കോസ്റ്റ് ഇൻഡക്സ് 48.71) ഉം798.27/$m^3$ (കോസ്റ്റ് ഇൻഡക്സ് 41.53) ഉം ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ | അളവു പുസ്തകം | എർത്ത് വർക്ക് എക്സ്കവേഷൻ ചെയ്ത അളവ് | അനുവദിച്ച തുക | അനുവദനീയമായ തുക | അധിക ചെലവ് | ചെലവു വിവരം |
|---|---|---|---|---|---|---|---|---|
| 1 | കളരിക്കൽ ക്ഷേത്രം ചാണിയിൽ തോട് ഡ്രയിനേജ് | ജയരാജ് എസ്റ്റിമേറ്റ് നിരക്ക്) | 25/TVR /20-21 71/TVR /20-21 | 27.539 M3 | 15234 | 6815 | 8419 | 16/16-11-21 രൂപ 475153/- |
| 2 | കടത്തുകടവ് അംബേദ്കർ കോളനിതോട് കല്ലുകെട്ടി സംരക്ഷിക്കൽ | ജയരാജ് എസ്റ്റിമേറ്റ് നിരക്ക്) | 45/TVR /21-22 | 63.60 M3 | 35182 | 15738 | 19444 | 451/30-03-22 രൂപ853373/- |
| 3. | ഇല്ലിക്കൽ ഭാഗത്ത് തോടിന് സംരക്ഷണഭിത്തി നിർമ്മാണം | ശ്രീഗോവിന്ദ് (എസ്റ്റിമേറ്റ് നിരക്ക്) | 38/TVR /21-22 | 16.90 M3 | 16.90m3 @798.27 = 13491 | 16.90m3 @289.74=4896 | 8594 | 431/23-03-22 രൂപ 398741 |
| 4. | കാക്കശേരിതോടിന് സംരക്ഷണഭിത്തി നിർമ്മാണം | ആന്റണി മനപോൾ (7.75% കറവ്) | നമ്പർരേഖപ്പെടുത്തിയിട്ടില്ല | 56.10m3 | 56.10 M3 @741/m3 = 41570 | 56.10 M3 @267.29 (7.75% കുറവ്) = 14995 | 26575 | 455/30-03-22 രൂപ1065653 |
| | | | | | | ആകെ | 63032 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) പദ്ധതികളുടെ പേര് തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം എന്നാണെങ്കിൽ പോലും തോടിനോട് ചേർന്നുള്ള റോഡുകളുടെ സംരക്ഷണത്തിനു വേണ്ടിയാണ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളതെന്നാണ് മറുപടി നൽകിയിട്ടുളളത്. എന്നാൽ റോഡ് നിർമ്മാണപ്രവൃത്തികൾക്ക് മാത്രമാണ് MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. അതിനാൽ സംരക്ഷണഭിത്തി നിർമ്മാണത്തിന് CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 അങ്കണവാടി നമ്പർ 125 ന്റെ പുനരുദ്ധാരണം അധികച്ചെലവ് 3322/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അങ്കണവാടി നമ്പർ 125 ന്റെ പുനരുദ്ധാരണം |
| പ്രോജക്റ്റ് നം. | S0207/22 |
| അടങ്കൽ | 4.30 ലക്ഷം |

| | |
|---|---|
| കരാറുകാരന്റെ പേര് | അഭിലാഷ് പുരുഷോത്തമൻ |
| അളവു പുസ്തകം | 32/TVR/21-22 |
| ചെലവു വിവരം | 41/31-03-22 രൂപ 295637/- |

മേൽ പ്രവൃത്തിയുടെ 18-ാം ഇനമായി പെയിന്റിംഗ് നടത്തിയതിന് (Finishing Walls With Premium Acrylic Smooth Exterior Paint With Silicone Additive Of Required Shade (Two Or More Coats Applied @ 1.43 Ltr/10 Sqm Over And Includingpriming Coat Ofexterior Primer Applied @ 2.20 Kg/10sqm.) 150.01 $M^2$ അളവിന് 190/$m^2$ നിരക്കിൽ 28502/- രൂപ അനുവദിച്ചിട്ടുണ്ട്. ഈയിനം ചെയ്ത ഏരിയ ഉൾപ്പെടുന്ന ഭാഗത്തുള്ള Patch Plastering ചെയ്ത ഭാഗത്ത് ഇനം 17 ആയി സിമന്റ് പെയിന്റ് ഉപയോഗിച്ച് പെയിന്റിംഗ് 33.22 $M^2$ ചെയ്തിരിക്കുന്നതിന് (Finishing Walls With Water Proofing Cement Paint Of Required Shade Two Or More Coats Applied) @ 100/- രൂപ നിരക്കിൽ 3322/- രൂപകരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ഇനം 18 ആയി ഈ ഭാഗം പ്രൈമർ ഉൾപ്പെടെ പെയിന്റ് ചെയ്തിരിക്കുന്നതിനാൽ ഇനം 17 ന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. അതിനാൽ ഇനം 17ന് അനുവദിച്ച 3322/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13) ഒരു കോട്ട് പ്രൈമർ അടിച്ചാൽ പ്രതലം സ്മൂത്ത് ആകുക പ്രയാസമാണെന്നും രണ്ടോ മൂന്നോ കോട്ട് പ്രൈമർ ചെയ്താൽ മാത്രമേ എമൽഷൻ ചെയ്യാൻ ആവുകയുള്ളൂവെന്നും അതിനാലാണ് രണ്ട് ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. Finishing Walls With Premium Acrylic Smooth Exterior Paint എന്നീ ഇനത്തിൽ പ്രൈമർ അടിക്കുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് നിരക്ക് കണ്ടെത്തി അനുവദിച്ചിരിക്കുന്നത്. അതിനാൽ മേൽപ്പറഞ്ഞ മറുപടി അംഗീകരിക്കുന്നില്ല.

## 1-20 അകവശം പെയിന്റ് ചെയ്തതിന് രണ്ട് ഇനങ്ങളിൽ ഉൾപ്പെടുത്തി തുക അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 115-ാം നമ്പർ അങ്കണവാടി അറ്റകുറ്റപ്പണി |
| പ്രോജക്ട് നം | S0157/22 |
| അടങ്കൽ | 2 ലക്ഷം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരന്റെ പേര് | ജയരാജ് |
| അളവു പുസ്തകം | 1/TVR/21-22 |
| ചെലവു വിവരം | 34/25-02-22 രൂപ 199829/- |

115-ാം നമ്പർ അങ്കണവാടി അറ്റകുറ്റപ്പണി എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് എക്സ്ട്രാ ഇനം 10 ആയി അക്രെലിക്ക് എമൽഷൻ പെയിന്റ് ഉപയോഗിച്ച്അകവും പുറവും വരുന്ന ഭിത്തികൾ (136.58 $M^2$) പെയിന്റ് ചെയ്തതിന് @ 130.81/$M^2$ നിരക്കിൽ 17866/-രൂപ അനുവദിച്ചിട്ടുണ്ട്. ഈയിനം ചെയ്തതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പുറം (Out Side ) | 2 X8.10x2.80 = 45.36 $M^2$<br>2x3.60 X2.80 = 20.16 |
| അകം (Inside) | 2 X7.80 X2.80 = 43.68<br>2x3.40 X2.80 = 19.04<br>2x3.40 X2.55 =17.34 |

| | |
|---|---|
| കുറയ്ക്കുക (വാതിലും ജനലിന്റേയും അളവ് ) | (-)9m$^2$ |
| | 136.58 M$^2$ |

എന്നാൽ ഇനം 12 ആയി മുറികളുടെ അകവശം സിമന്റ് പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്തിരിക്കുന്നതിന് ( Finishing Walls With Water Proofing Cement Paint Of Required Shade Old Work) കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ഈയിനം ചെയ്തതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അകം (Inside) | 2x7.80x2.35 = 36.66 M$^2$<br>4x3.40 X2.35= 31.96 |
| കുറയ്ക്കുക (വാതിലും ജനലിന്റേയും അളവ് ) | (-)9m$^2$ |
| | 59.62 M$^2$ @56.36 = 3360/- |

എന്നാൽ ഇനം 12 ആയി മുറികളുടെ അകവശം സിമന്റ് പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്തിരിക്കുന്നതിന് ( Finishing Walls With Water Proofing Cement Paint) കരാറുകാരന് തുക അനുവദിച്ചിട്ടുള്ളതിനാൽ എക്സ്ട്രാ ഇനം 10 ൽ ഉൾപ്പെടുത്തി വീണ്ടും തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14) കെട്ടിടത്തിന്റെ ഉൾഭാഗം വൈറ്റ് സിമന്റ് പെയിന്റിംഗ് 2 കോട്ട് അടിച്ചതിനുശേഷം അക്രൈലിക്ക് എമൽഷൻ പെയിന്റ് ചെയ്തിട്ടുള്ളതാണെന്നും പിക്ചർ പെയിന്റ് നടത്താൻ കൂടി വേണ്ടിയാണ് ഇപ്രകാരം ചെയ്തിരിക്കുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. നിലവിൽ പെയിന്റ് ചെയ്തിരുന്ന ഭിത്തിയിലാണ് ഇനം 12 ചെയ്തിട്ടുള്ളത്. (Finishing Walls With Water Proofing Cement Paint Of Required Shade Old Work). എക്സ്ട്രാ ഇനം 10 ൽ ഉൾപ്പെടുത്തി ഈ ഭാഗം പ്രൈമർ ഉൾപ്പെടെ അക്രൈലിക്ക് എമൽഷൻ പെയിന്റ് ചെയ്തിരിക്കുന്നതിനാൽ മേൽപ്പറഞ്ഞ പ്രകാരം ഇനം 12 ൽ ഉൾപ്പെടുത്തി അനുവദിച്ച 3360/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 15- പ്രവൃത്തി നടപ്പിലാക്കിയില്ല

പ്രോജക്ട് നം. - S 0089/22

പ്രോജക്ടിന്റെപേര് - സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 15

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 100000/-

ചെലവ്

XVFC/2021-22/P/5തീയതി.29/12/2021 തുക.99950/-(e-gram Swaraj Portal)

തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ വാർഡ് 15 ലെ ജനതാ റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ ചെയ്യുന്നതിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി.യിൽ ഡിപ്പോസിറ്റ് ചെയ്യുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

വാർഡ് 15 ലെ ജനതാ റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ ചെയ്യുന്നതിനായുള്ള പ്രവൃത്തിയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കുത്തിയതോട് തയ്യാറാക്കിയ 99946/-രൂപയുടെ എസ്റ്റിമേറ്റിന്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചേർത്തലയുടെ 11.11.21 തീയതിയിലെ DB/SL-AS-09/21-22/ EE/ED/CTLA നം.ഭരണാനുമതി ലഭിച്ചു. ആയത് പ്രകാരം 17.03.2022 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി, സെക്രട്ടറി C2/2134/21 നം.കരാർ ചമച്ചിട്ടുണ്ട്. പ്രവൃത്തിക്കായി 99950/- രൂപ നൽകി.

അപാകതകൾ താഴെ കൊടുക്കുന്നു.

1) കരാറിൽ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

2) പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

3) പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.,

4) തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി.20.8.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ 99950/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കി, രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവ് - തുക ആവർത്തിച്ച് നൽകി

പ്രോജക്റ്റ് നം. - S0023/22

പ്രോജക്റ്റിന്റെ പേര് - പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

തനത് ഫണ്ട് -200000/-

ഫയൽ പരിശോധിച്ചതിൽ, പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകതകളുള്ള ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയത് | നൽകിയ തുക/ ചെക്ക് നം./തീയതി | ചെലവിനം | ചെലവ് വിവരം | | അപാകതകൾ |
|---|---|---|---|---|---|---|
| | | | | ഇൻവോയ്സ് നം./ ബിൽ നം. | തീയതി | |
| 1 | മലയാള മനോരമ | 9660/- 2973651/ 28.10.21 | ടെണ്ടർ പരസ്യതുക | KF0436000010 | 01.09.21 | തുക ആവർത്തിച്ച് നൽകി |
| 2 | ഐശ്വര്യ പ്രിന്റേഴ്സ് | 104350/- 5892035/ 09.02.22 | നോട്ടീസ് പ്രിന്റിംഗ്, ബാനർ പ്രിന്റിംഗ് ചാർജ് | 264 | 20.12.21 | 1% IT ഈടാക്കിയിട്ടില്ല |

1)ക്രമ നം.1 പ്രകാരമുള്ള ചെലവ് തുക 9660/-രൂപ 29.09.21 ലെ 2973628 നം.ചെക്ക് പ്രകാരം മലയാള മനോരമയുടെ 01.09.21 തീയതിയിലെ KF0436000010 നം. ഇൻവോയ്സ് പ്രകാരമുള്ള ബില്ലിന് നൽകിയിട്ടുള്ളതാണ്. അതുവഴി തുക ആവർത്തിച്ച് നൽകി.

2) ക്രമ നം.1 പ്രകാരമുള്ള ചെലവ് തുകയായ 104350/- രൂപയിൽ നിന്നും 1% IT ആയ 1044/-രൂപ ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീയതി. 19.08.22) മറുപടി ലഭ്യമാക്കിയില്ല. ക്രമ നം. 1 പ്രകാരമുള്ള അധിക ചെലവ് 9660/- രൂപ മലയാള മനോരമയിൽ നിന്നും, ക്രമ നം. 2 പ്രകാരമുള്ള 1044/-രൂപ ഐശ്വര്യ പ്രിന്റേഴ്സിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 10704/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-23 ഐ.കെ.എം. വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

പ്രോജക്റ്റ് നം. - S0022/22

പ്രോജക്റ്റിന്റെ പേര് - ഐ.കെ.എം. വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 166318/-

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ, നന്ദൻകോടുള്ള 57047023512 നം.അക്കൗണ്ടിൽ 166318/-രൂപ നൽകി (ബിൽ നം.8/21-22/27.7.21 തുക.166318/-). എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ്

എൻക്വയറി നം. 1/12.08.22) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 166318/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 പ്രോജക്ട് അസിസ്റ്റന്റിന് വേതനം നൽകൽ -അപാകതകൾ

പ്രോജക്ട് നം. - S 0212/22

പ്രോജക്ടിന്റെ പേര് - പ്രോജക്ട് അസിസ്റ്റന്റിന് വേതനം നൽകൽ -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യ കമ്മീഷൻ അവാർഡ് - 71000/-

ത.സ്വ.ഭ (ഇ.പി.എ) വകുപ്പിന്റെ 24.9.21 ലെ ജി.ഒ.(ആർ.ടി) നം.1846/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം, പഞ്ചായത്തുകളിലെ നിർമ്മാണ പ്രവൃത്തികളുടെ ജിയോ ടാഗിംഗ് നടത്തുന്നതിനും, ഗ്രാമ പഞ്ചായത്തുകളുടെ ബില്ലുകൾ ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ സഹായിക്കുന്നതിനായി ദിവസ വേതന അടിസ്ഥാനത്തിൽ ഒരു പ്രോജക്ട് അസിസ്റ്റന്റിനെ തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന് 27.10.21 ൽ നടത്തിയ അഭിമുഖത്തിൽ, അനിമോൾ.ടി.എം, തോപ്പിൽ നികർത്ത്, പട്ടണക്കാടിനെ തെരഞ്ഞെടുത്തു. അനിമോൾ.ടി.എം ന്റെ നിയമന നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 13.12.21 ലെ 3(1) പ്രകാരം തീരുമാനിച്ചു. 15.12.2021 ൽ അനിമോൾ.ടി.എം ജോലിയിൽ പ്രവേശിച്ചു. അനിമോൾ ടി.എം. ന് 2021-22 സാമ്പത്തിക വർഷം 57720/- രൂപ വേതനം നൽകിയിട്ടുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു.

1) നിയമന ഉത്തരവ് ഹാജരാക്കിയിട്ടില്ല.

2) അനിമോൾ.ടി.എം ന്റെ പേരിലുള്ള (15.12.2021) ശൂന്യമായ 200/-രൂപ മുദ്രപത്രം ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. കരാർ വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല.

3) 24.9.21 ലെ ജി.ഒ.(ആർ.ടി) നം.1846/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തെരഞ്ഞെടുക്കുന്ന പ്രോജക്ട് അസിസ്റ്റന്റിനെ 2022 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കാവുന്ന താണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. 31.3.2022 ലെ സ.ഉ(സാധാ)നം.814/2022/ത.സ്വ.ഭ.വ പ്രകാരം, പ്രോജക്ട് അസിസ്റ്റന്റിന്റെ കാലാവധി 2022 ഏപ്രിൽ 1 മുതൽ ഒരു വർഷ കാലയളവിലേക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 2022 ഏപ്രിൽ 1 മുതൽ നിയമനം ദീർഘിപ്പിച്ച് നൽകിയ ഉത്തരവ്, കരാർ രേഖ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീയതി. 12.08.22) മറുപടി ലഭ്യമാക്കിയില്ല.സർക്കാർ ഉത്തരവ് പാലിച്ച് കരാർ വ്യവസ്ഥകൾ കൃത്യമായി രേഖപ്പെടുത്തി പ്രോജക്ട് അസിസ്റ്റന്റിന് നിയമനം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -അപാകതകൾ

പ്രോജക്ട് നം. - S 0180/22

പ്രോജക്ടിന്റെ പേര് - വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 137163/-

ചെലവ്

1) ബിൽ നം.15/21-22/29.9.21 തുക.20018/-

2) ബിൽ നം.16/21-22/29.9.21 തുക.117145/-

വിട്ട് കിട്ടിയ സ്ഥാപനങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം.

3 കമ്പ്യൂട്ടർ, 1 യു.പി.എസ്, 1 പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി.മിഷന് 137163/-രൂപ നൽകി. 3 കമ്പ്യൂട്ടർ, 1 യു.പി.എസ് എന്നിവ സ്റ്റോക്കിലെടുത്തതിന്റെയും സ്പെസിഫിക്കേഷൻ പരിശോധിച്ച് ഉറപ്പു വരുത്തിയ

സാക്ഷ്യപത്രം, വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവയുണ്ട്.

കെൽട്രോണിൽ നിന്നും 22.09.21 തീയതിയിൽ പ്രിന്ററിനായി ലഭ്യമാക്കിയ TVM/ITBG/PI/RC/29849/20-21 നം.പ്രൊഫോർമ ഇൻവോയ്സിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Description | Rate | Qty | Value |
|---|---|---|---|
| A4 Multi Function Printer | 20018 | 1 | 20018 |
| Total | | | 20018 |

മേൽ ഇൻവോയ്സ് പ്രകാരം, പ്രിന്റർ ലഭ്യമായതിന്റെയോ, വെരിഫൈ ചെയ്തതിന്റെയോ, വിതരണം ചെയ്തതിന്റെയോ രേഖകൾ ഇല്ല.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി.20.8.22), കെൽട്രോണിൽ നിന്നും 08.08.2022 ൽ ആണ് എച്ച്.പി.പ്രിന്റർ ലഭ്യമായത്. എച്ച്.പി.യുടെ കമ്പനിയിൽ നിന്നും സർവ്വീസ് എഞ്ചിനീയർ വന്നാൽ മാത്രമേ പ്രിന്റർ ഇൻസ്റ്റാൾ ചെയ്യുവാനും ആയത് വെരിഫൈ ചെയ്യാനും സാധിക്കുകയുള്ളൂ. ആയതിനായി കമ്പനിയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മറുപടി നൽകി. പ്രിന്റർ എത്രയും വേഗം വിട്ട് കിട്ടിയ സ്ഥാപനത്തിന് വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഓഡിറ്റ് ഇംപാക്റ്റ്

എ) പി.എച്ച്.സി - യിൽ ദിവസവേതന നിരക്കിൽ ജോലി ചെയ്തിരുന്ന ശ്രീമതി ശ്രുതി, ഫാർമസിസ്റ്റിന്റെ മെയ് മാസത്തിൽ വേതനം നല്കിയപ്പോൾ (വൌച്ചർ നം. 22100225/തീയതി - 02.06.2021, തുക – 24,520/-) കരാർ അടിസ്ഥാനത്തിൽ നിയമിച്ചവർക്ക് നല്കേണ്ട തുകയിൽ നിജപ്പെടുത്തി നല്കി. ദിവസവേതന നിരക്കിൽ ഫാർമസിസ്റ്റിന് നിജപ്പെടുത്തി നല്കേണ്ട തുക 22,950/- രൂപയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചവർക്ക് നിജപ്പെടുത്തി നല്കേണ്ട തുക 24520/-രൂപയും ആണ്. ആയതിനാൽ, ദിവസവേതന നിരക്കിൽ നിയമനം ലഭിച്ച ടിയാൾക്ക് 1570/- രൂപ അധികം നല്കിയിട്ടുണ്ട്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/19.08.2022) നല്കിയ മറുപടിയോടൊപ്പം തുക തിരികെ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.(രസീത് നം.1220101140 /20.08.2022).

ബി) ഗ്രാമ പഞ്ചായത്തിലെ ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ് എന്ന തസ്തികയിൽ നിയമിച്ചിട്ടുള്ള ശ്രീ. ജിനീഷിന്റെ 08/2021 ലെ ശമ്പള ബില്ലിനോടൊപ്പം സൂക്ഷിച്ച മസ്റ്ററോളിൽ (വൌച്ചർ നം. 22100487/ 06.09.2021- തുക-19710/-രൂപ) 01.08.2021 മുതൽ 15.08.2021 വരെ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. ടി കാലയളവിൽ പഞ്ചായത്ത് വാഹനം കാർവാലി, ചേർത്തല എന്ന സ്ഥാപനത്തിൽ റിപ്പയറിംഗിനായി നല്കിയിട്ടുണ്ട്. സാലറി ബില്ലിനൊപ്പം കാർവാലി, ചേർത്തല എന്ന സ്ഥാപനത്തിൽ 05.08.2021 മുതൽ 15.08.2021 വരെ (08.08.2021 ഒഴികെ) ടിയാൾ ഹാജരായിട്ടുണ്ട് എന്ന് രേഖപ്പെടുത്തി നല്കിയ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടുണ്ട്. 08.08.2021 ലെ ദിവസവേതനവും ടിയാളിന് നല്കിയിട്ടുണ്ട്. 01.08.2021 മുതൽ 15.08.2021 വരെയുള്ള കാലയളവിലെ അവധി ദിവസങ്ങളിലെ വേതനവും (08.08.2021, 14.08.2021, 15.08.21) ടിയാന് നല്കിയിട്ടുണ്ട്. ആയതിനാൽ, 05.08.2021 മുതൽ 15.08.2021 വരെയുള്ള കാലയളവിലെ അവധി ദിനങ്ങളിൽ വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/19.08.2022) നല്കിയ മറുപടിയോടൊപ്പം തുക തിരികെ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.(രസീത് നം.1220101141 /20.08.2022).

സി) ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന് വാട്ടർ ചാർജ്ജിനത്തിൽ വാട്ടർ അതോറിറ്റി ഈടാക്കുന്ന ബിൽ തുക തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നു. ഗ്രാമ പഞ്ചായത്ത് വ്യക്തികൾക്ക് കച്ചവടം നടത്തുന്നതിനായി വാടകയ്ക്ക് നല്കി വരുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ വാട്ടർ ചാർജ്ജ് ഇനത്തിൽ 2021-22 വർഷം 5721 /- രൂപ തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം മാത്രമാണ് പഞ്ചായത്ത് ഒടുക്കേണ്ടത്. ഇപ്രകാരം ലഭ്യമാകുന്ന ബില്ലുകൾ ടി കെട്ടിടം വാടകയ്ക്ക് എടുത്ത വ്യക്തികളിൽ നിന്നുമാണ് ഈടാക്കേണ്ടതാണ്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/19.08.2022) ലഭ്യമാക്കിയ മറുപടിയോടൊപ്പം തുക തിരികെ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.(രസീത് നം.1220101156 /23.08.2022).

ഡി) തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത കാവിൽ ഫുട്പാത്ത് നിർമ്മിക്കുന്ന പ്രവൃത്തിക്ക് സപ്ലൈ ചെയ്ത 345$m^3$ ഗ്രാവലിന് @935 രൂപ നിരക്കിൽ 322575/-രൂപ കരാറുകാരനായ ശ്രീ. സുനിൽകുമാറിന് നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരനിൽ നിന്നും ആദായ നികുതി (1%) ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 1220101148/22-08-22 നമ്പർ രസീത് പ്രകാരം 3225/- (322575 @1%) സപ്ലൈയറിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

## 1-27 സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല

സർക്കുലർ നം. 63/2021/ധന തീയതി 2/8/21 പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും, പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണം നടത്തി അത്തരക്കാരെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും താമസംവിനാ ഒഴിവാക്കേണ്ടതാണ് എന്ന് നിർദേശിച്ചിരിക്കുന്നു.

എന്നാൽ പഞ്ചായത്തിലെ ക്ഷേമ പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ സഹകരണബാങ്കുകൾ വഴി നേരിട്ട് പെൻഷൻ കൈപ്പറ്റുന്നവരുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നതുമൂലം തുക വ്യക്തികൾക്ക് കൈമാറാൻ സാധിക്കാതെ സഹകരണ ബാങ്കുകളുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതായാണ് ഡിബിടി റിപ്പോർട്ടിൽ കാണുന്നത്. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷൻ തരം/ഐഡി നമ്പർ | ഡിബിടി റിപ്പോർട്ടിലെ വിവരങ്ങൾ | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | നളിനാക്ഷി | വാർദ്ധക്യകാല പെൻഷൻ, 104340201337 | മരിച്ചതിനാൽ തുക കൈമാറാൻ സാധിച്ചില്ല. | 4/18 മുതൽ 7/19വരെ | 27000/- |
| 2 | ചന്ദ്രശേഖരൻ നായർ | വാർദ്ധക്യകാല പെൻഷൻ, 104340200737 | മരിച്ചതിനാൽ തുക കൈമാറാൻ സാധിച്ചില്ല | 4/18 മുതൽ 7/19വരെ | 18000/- |
| | | | | | |

അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/20.08.22) മറുപടി ലഭ്യമാക്കിയില്ല. നിശ്ചിത മാനദണ്ഡപ്രകാരം അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി സസ്പെൻഡ് ചെയ്യാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-28 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണം നടത്തിയ പ്രോജക്റ്റുകളുടെ അപാകതകളേ താഴെ കൊടുക്കുന്നു.

1.പാലിയേറ്റീവ് കെയർ

പ്രോജക്റ്റ് നം. - 38/22

അടങ്കൽ - 11,50,000

ചെലവ് - 8,44,644 (ബിൽ നം. 15 / 13.08.2021- 1,93,081)

പാലിയേറ്റീവ് കെയർ എന്ന പ്രോജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിന് 60,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമി.- ന് നല്കിയതിൽ 30,716/- രൂപ മരുന്ന് ലഭിച്ചിട്ടുണ്ട്. 29,284/- രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

2.കോവിഡ് പ്രതിരോധ പ്രവർത്തനം

പ്രോജക്റ്റ് നം. - 78/22

അടങ്കൽ - 11,50,000

ചെലവ് - 8,44,644 (ബിൽ നം. 15 / 13.08.2021- 1,93,081)

കോവിഡ് പ്രതിരോധ പ്രവർത്തനം എന്ന പ്രോജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിന് 23,304/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമി.- ന് നല്കിയതിൽ 16,865/- രൂപ മരുന്ന് ലഭിച്ചിട്ടുണ്ട്. 6439/- രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

3.ആയുഷ് പി എച്ച് സി (എൻ എച്ച് എം) ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ

പ്രോജക്റ്റ് നം. - 41/22

അടങ്കൽ - 3,00,000

ചെലവ് - 3,00,000 (ബിൽ നം. 22 / 29.10.2021)

ആയുഷ് പി എച്ച് സി (എൻ എച്ച് എം) ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിന് 3.00,000/- രൂപ HOMCO -യ്ക്ക് നല്കിയിട്ടുണ്ട്. 3,00,000/- രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

ടി വിവരം ചൂണ്ടിക്കാണിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9 തീയതി – 19.08.2022) നല്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാകുവാൻ കത്ത് നല്കിയിട്ടുണ്ടെന്നും മരുന്നുകൾ ലഭ്യമാകുമ്പോൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ, 3,35,723/-രൂപയുടെ മരുന്ന് ലഭ്യമായതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ലൈഫ് ഭവന പദ്ധതി(മത്സ്യ തൊഴിലാളി)

പ്രോജക്റ്റ് നം. - 205/22

ലൈഫ് ഭവന പദ്ധതി(മത്സ്യ തൊഴിലാളി)

അടങ്കൽ – 1,40,13,697

ചെലവ് – 22,90,521/-(ബിൽ നം./തീയതി)

29/21-22 - 11.01.2022 -13,20,000/-

51/21-22 - 26.03.2022 -2,30,000/-

09.02.2022 – 73,697/-

08.02.2022 – 6,00,000/-

30.03.2022 – 6,824/-

07.02.2022 - 60,000/-

ലൈഫ് ഭവന പദ്ധതി (മത്സ്യ തൊഴിലാളി) എന്ന പ്രോജക്റ്റ് പ്രകാരം ഒന്നാം ഗഡുവായ 40,000/- രൂപ കൈപ്പറ്റിയ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി തുടങ്ങിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| മേരി ബെനഡിക്റ്റ്, കട്ടികാട്ട്, വാർഡ് നം. 1 | 40000/- |
| റോസി ജോൺ, കുന്നേൽവാർഡ് നം. 1 | 40000/- |
| മേകി ഔസേഫ്, കുരിശിങ്കൽ, വാർഡ് നം. 1 | 40000/- |
| ത്രസ്യ സെബാസ്റ്റ്യൻ വാർഡ് നം. 1 | 40000/- |
| വാർഡ് നം. 1 | 40000/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/19.08.2022) മറുപടിയിൽ ടി ഗുണഭോക്താക്കൾ പണി തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ടി വിവരം പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നുമാണ്. ടി ആളുകൾ പണി തുടങ്ങിയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-30 തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത വൃക്ഷത്തൈ നഴ്സറി നിർമ്മാണം - കൂടുതൽ മനുഷ്യദിനങ്ങൾ അനുവദിക്കുന്നു

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത മുളത്തൈ, തെങ്ങിൻ തൈ നഴ്സറി നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിൽ 30 ദിവസത്തേക്ക് ദിവസത്തിൽ ഒരിക്കൽ തടം നനയ്ക്കുന്നതിന് ചതുരശ്ര മീറ്ററിന് 2.823 രൂപ നിരക്കിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തുടർച്ചയായി 3 വർഷത്തേക്ക് വൃക്ഷത്തൈകളുടെ പരിപാലനം നടത്തുന്നതിനും തൊഴിൽദിനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തൊഴിൽ ദിനം കണക്കാക്കുന്നത് |
|---|---|

| | |
|---|---|
| 2021-22 | 1500 X 250= 375000 |
| 2022-23 | 1500 X 150 = 225000 |
| 2023-24 | 1500 X 100 = 150000 |
| ആകെ | 750000 @0.276 = 207000<br>207000/291 = 711.34 തൊഴിൽ ദിനം |

നഴ്സറി നിർമ്മാണ പ്രവൃത്തികളുടെ അളവു പുസ്തകം പരിശോധിച്ചതിൽ ഒരു വർഷത്തെ പരിപാലനത്തിനുള്ള തൊഴിൽ ദിനങ്ങളാണ് അനുവദിച്ചിട്ടുള്ളത്. നഴ്സറി 3 വർഷം പരിപാലിക്കുന്നതിന് മേറ്റ് കരാർ വെച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ച് മൂന്ന് നാല് മാസങ്ങൾക്കുള്ളിൽ തന്നെ ഒരു വർഷം പരിപാലിക്കുന്നതിനുള്ള മനുഷ്യദിനങ്ങൾകൂടി അനുവദിച്ചു കാണുന്നു. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | അനുവദിച്ച മനുഷ്യദിനങ്ങൾ | അനുവദിച്ച മനുഷ്യദിനങ്ങളിൽ ഒരു വർഷത്തെ പരിപാലനത്തിനുള്ള തൊഴിൽ ദിനങ്ങൾ ഉൾപ്പെടുത്തിയത് |
|---|---|---|---|---|
| മുളത്തൈ നഴ്സറി നിർമ്മാണം വാർഡ് 15 | 16-07-21 | 14-01-21 | 710 | 327 |
| തെങ്ങിൻ തൈ നഴ്സറി നിർമ്മാണം | 16-07-21 | 28-03-22 | 824 | 569 |

ഒരു വർഷം കൊണ്ട് അനുവദിക്കേണ്ട തൊഴിൽദിനങ്ങൾ പ്രവൃത്തി ആരംഭിച്ച് ഏതാനു മാസങ്ങൾക്കുള്ളിൽ തന്നെ അനുവദിച്ചു നൽകിയത് ശരിയായ പ്രവണതയല്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവ് -തുക ആവർത്തിച്ച് നൽകി

പ്രോജക്റ്റ് നം - S0023/22

പ്രോജക്റ്റിന്റെ പേര് - പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവ്
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

തനത് ഫണ്ട് -200000/-

ഫയൽ പരിശോധിച്ചതിൽ, പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകതകളുള്ള ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയത് | നൽകിയ തുക/ ചെക്ക് നം./തിയതി | ചെലവിനം | ചെലവ് വിവരം | | അപാകതകൾ |
|---|---|---|---|---|---|---|
| | | | | ഇൻവോയ്സ് നം./ ബിൽ നം. | തീയതി | |

| | | | | | | |
|---|---|---|---|---|---|---|
| 1 | മലയാള മനോരമ | 9660/- 2973651/ 28.10.21 | ടെണ്ടർ പരസ്യതുക | KF0436000010 | 01.09.21 | തുക ആവർത്തിച്ച നൽകി |
| 2 | ഐശ്വര്യ പ്രിന്റേഴ്സ് | 104350/- 5892035/ 09.02.22 | നോട്ടീസ് പ്രിന്റിംഗ്, ബാനർ പ്രിന്റിംഗ് ചാർജ് | 264 | 20.12.21 | 1% IT ഈടാക്കിയിട്ടില്ല |

1)ക്രമ നം.1 പ്രകാരമുള്ള ചെലവ് തുക 9660/-രൂപ 29.09.21 ലെ 2973628 നം.ചെക്ക് പ്രകാരം മലയാള മനോരമയുടെ 01.09.21 തീയതിയിലെ KF0436000010 നം. ഇൻവോയ്സ് പ്രകാരമുള്ള ബില്ലിന് നൽകിയിട്ടുള്ളതാണ്. അതുവഴി തുക ആവർത്തിച്ച നൽകി.

2) ക്രമ നം.1 പ്രകാരമുള്ള ചെലവ് തുകയായ 104350/- രൂപയിൽ നിന്നും 1% IT ആയ 1044/-രൂപ ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീയതി. 19.08.22) മറുപടി ലഭ്യമാക്കിയില്ല. ക്രമ നം. 1 പ്രകാരമുള്ള അധിക ചെലവ് 9660/- രൂപ മലയാള മനോരമയിൽ നിന്നും, ക്രമ നം. 2 പ്രകാരമുള്ള 1044/-രൂപ ഐശ്വര്യ പ്രിന്റേഴ്സിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 10704/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-2 അങ്കണവാടി പോഷകാഹാര വിതരണം -അപാകതകൾ

പ്രോജക്ട് നം. - S0117/22(സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - അങ്കണവാടി പോഷകാഹാര വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

കേന്ദ്രാവിഷ്കൃത ഫണ്ട് - 1000000/-

ചെലവ്

ചെക്ക് നം.2973631/30.09.21 തുക. 896513/-

6 വയസ്സുവരെയുള്ള കുട്ടികൾക്കും, കൗമാരക്കാരായ പെൺകുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കുമുള്ള പോഷകാഹാര വിതരണത്തിനായുള്ള പ്രോജക്ട്. മേൽ പ്രോജക്ടിൽ നിന്നും 896513/-രൂപ താഴെ ചേർക്കും പ്രകാരം ചെലവഴിച്ചു.

| Sl.no | Name Of Beneficiary | Account No | Purpose | Amount |
|---|---|---|---|---|
| 1 | P.Kamalakaran | 20252938642 | Driver | 4365 |
| 2 | Kerala Civil Supplies Corporation | 16270200000256 | Cost Of Provisions | 788451 |
| 3 | Symphony Food Suppliment Unit | 854110110000344 | Cost Of Amrutham Food | 103697 |
| Total Amount | | | | 896513 |

ചെലവിനത്തിൽ അപാകത ഉള്ള ബില്ലിന്റെ വിവരം താഴെ കൊടുക്കുന്നു.

| Sl. No. | Commodity | Qty | Rate | Tax | Rate W/tax | Sale Value |
|---|---|---|---|---|---|---|
| 1 | Sreyas Matta Aval 1kg | 75kg | 67.20 | 0 | 67.20 | 5040 |
| 2 | Sreyas Fried Groundnut 1kg | 57kg | 151.20 | 12 | 169.34 | 9652.38 |
| 3 | Sreyas Mad.myr. Jagry 1kg | 535kg | 73.92 | 0 | 73.92 | 39547.20 |
| Total Sale Value | | | | | | 54239.58 |
| | | | | | | |

| | |
|---|---|
| Product Value | 53205.60 |
| CGST | 516.99 |
| SGST | 516.99 |
| CESS | 86.18 |
| Round Off Adj | 0.24 |
| Net Amount | 54326 |

കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപറേഷൻ, തുറവൂർ ഡിപ്പോയുടെ 30.06.2020 ലെ 0405202/20820 നം. ബില്ല് പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിവരം ആണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

ഫുഡ് സ്റ്റോക്ക് രജിസ്റ്ററിലെയും വിതരണ സ്റ്റേറ്റ്മെന്റിലെയും രേഖപ്പെടുത്തൽ പ്രകാരം 65 കി.ഗ്രാം അവൽ മാത്രമാണ് 109 മുതൽ 135 വരെയുള്ള 27 അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുള്ളത്. 27 അങ്കണവാടികളുടെ കൈപ്പറ്റ് രേഖയിലും 65 കി.ഗ്രാം ആണ് കൈപ്പറ്റിയിട്ടുള്ളത്. മേൽ ബില്ല് പ്രകാരം 10 കി.ഗ്രാം അവൽ വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയതി.20.08.22) മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യാതിരുന്ന 10 കി.ഗ്രാം അവലിന്റെ വിലയായ 672/-രൂപ ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 എർത്ത് വർക്കിന് 12% GST അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | തോണിത്തോട് ആഴംകൂട്ടി ശുചിയാക്കൽ W-6, 8, 12 |
| പ്രോജക്ട് നം | S0237/20 |
| അടങ്കൽ | 4.5 ലക്ഷം |
| കരാറുകാരന്റെ പേര് | പി.എസ്.സുനിൽകുമാർ |
| അളവു പുസ്തകം | നമ്പർ രേഖപ്പെടുത്തിയിട്ടില്ല |
| ചെലവു വിവരം | 45/30-03-22രൂപ 434118/- |

തോണിത്തോട് ആഴംകൂട്ടി ശുചിയാക്കൽ എന്ന പ്രവൃത്തിയിൽ തോടിന് ആഴം കൂട്ടുന്നതിന് എർത്ത് വർക്ക് എക്സ്കവേഷൻ 4301.35$m^3$ ചെയ്തിട്ടുണ്ട്. കൂടാതെ തോടിന്റെ ഇരുവശമുള്ള വെജിറ്റേഷൻ നീക്കം ചെയ്യുകയും ചെയ്തതനുസരിച്ച് ആകെ മൂല്യം 387605 വരുന്നുണ്ട്. ഈ തുകയോടൊപ്പം 12% GST ഉൾപ്പെടെയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ 30/2017 ഇന്റഗ്രേറ്റഡ് ടാക്സ്(റേറ്റ്) അനുസരിച്ച് ഒരു പ്രവൃത്തിയിൽ എർത്ത് വർക്കാണ് മുഖ്യമായി വരുന്നതെങ്കിൽ ആ പ്രവൃത്തിക്ക് GST 5% ആണ് ബാധകം. മേൽ പ്രവൃത്തിയിൽ എർത്ത് വർക്കാണ് മുഖ്യമായി വന്നിരുന്നിട്ടും 12% GST അനുവദിച്ചത് അധികം ചെലവഴിക്കാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 387605 |
| അനുവദിച്ച GST – 12% | 46513 |
| അനുവദനീയമായ GST -5% | 19380 |
| GST ഇനത്തിൽ അധികം ചെലവഴിച്ചത് | 46513 – 19380 = 27133 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12) അറിവില്ലായ്മയാണ് കാരണമായി ബോധിപ്പിച്ചിട്ടുള്ളത്.

## 3-4 അകവശം പെയിന്റ് ചെയ്തതിന് രണ്ട് ഇനങ്ങളിൽ ഉൾപ്പെടുത്തി തുക അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 115-ാം നമ്പർ അങ്കണവാടി അറ്റകുറ്റപ്പണി |
| പ്രോജക്ട് നം. | S0157/22 |
| അടങ്കൽ | 2 ലക്ഷം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരന്റെ പേര് | ജയരാജ് |
| അളവു പുസ്തകം | 1/TVR/21-22 |
| ചെലവു വിവരം | 34/25-02-22 രൂപ 199829/- |

115-ാം നമ്പർ അങ്കണവാടി അറ്റകുറ്റപ്പണി എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് എക്സ്ട്രാ ഇനം 10 ആയി അക്രൈലിക്ക് എമൽഷൻ പെയിന്റ് ഉപയോഗിച്ച് അകവും പുറവും വരുന്ന ഭിത്തികൾ (136.58 $M^2$) പെയിന്റ് ചെയ്യതിന് @ 130.81/$M^2$ നിരക്കിൽ 17866/-രൂപ അനുവദിച്ചിട്ടുണ്ട്. ഈയിനം ചെയ്തതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പുറം (Out Side ) | 2 X8.10x2.80 = 45.36 M2<br>2x3.60 X2.80 = 20.16 |
| അകം (Inside) | 2 X7.80 X2.80 = 43.68<br>2x3.40 X2.80 = 19.04<br>2x3.40 X2.55 =17.34 |
| കുറയ്ക്കുക (വാതിലും ജനലിന്റേയും അളവ് ) | (-)9$m^2$ |
| | 136.58 $M^2$ |

എന്നാൽ ഇനം 12 ആയി മുറികളുടെ അകവശം സിമന്റ് പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്തിരിക്കുന്നതിന് ( Finishing Walls With Water Proofing Cement Paint Of Required Shade Old Work) കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ഈയിനം ചെയ്തതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അകം (Inside) | 2 X7.80 X2.35 = 36.66 $M^2$<br>4x3.40x2.35= 31.96 |
| കുറയ്ക്കുക (വാതിലും ജനലിന്റേയും അളവ് ) | (-)9$m^2$ |
| | 59.62 $M^2$ @56.36 = 3360/- |

എന്നാൽ ഇനം 12 ആയി മുറികളുടെ അകവശം സിമന്റ് പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്തിരിക്കുന്നതിന് ( Finishing Walls With Water Proofing Cement Paint) കരാറുകാരന് തുക അനുവദിച്ചിട്ടുള്ളതിനാൽ എക്സ്ട്രാ ഇനം 10 ൽ ഉൾപ്പെടുത്തി വീണ്ടും തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14) കെട്ടിടത്തിന്റ ഉൾഭാഗം വൈറ്റ് സിമന്റ് പെയിന്റിംഗ് 2 കോട്ട് അടിച്ചതിനുശേഷം അക്രൈലിക്ക് എമൽഷൻ പെയിന്റ് ചെയ്തിട്ടുള്ളതാണെന്നും പിക്ചർ പെയിന്റ് നടത്താൻ കൂടി വേണ്ടിയാണ് ഇപ്രാകരം ചെയ്തിരിക്കുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. നിലവിൽ പെയിന്റ് ചെയ്തിരുന്ന ഭിത്തിയിലാണ് ഇനം 12 ചെയ്തിട്ടുള്ളത്. (Finishing Walls With Water Proofing Cement Paint Of Required Shade Old Work). എക്സ്ട്രാ ഇനം 10 ൽ ഉൾപ്പെടുത്തി ഈ ഭാഗം പ്രൈമർ ഉൾപ്പെടെ അക്രൈലിക്ക് എമൽഷൻ പെയിന്റ് ചെയ്തിരിക്കുന്നതിനാൽ മേൽപ്പറഞ്ഞ പ്രകാരം ഇനം 12 ൽ ഉൾപ്പെടുത്തി അനുവദിച്ച 3360/- രൂപ ഓഡിറ്റിൽ

അനുവദിക്കുന്നില്ല. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-5 അങ്കണവാടി നമ്പർ 125 ന്റെ പുനരുദ്ധാരണം അധികച്ചെലവ് 3322/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അങ്കണവാടി നമ്പർ 125 ന്റെ പുനരുദ്ധാരണം |
| പ്രോജക്ട് നം. | S0207/22 |
| അടങ്കൽ | 4.30 ലക്ഷം |
| കരാറുകാരന്റെ പേര് | അഭിലാഷ് പുരുഷോത്തമൻ |
| അളവു പുസ്തകം | 32/TVR/21-22 |
| ചെലവു വിവരം | 41/31-03-22 രൂപ 295637/- |

മേൽ പ്രവൃത്തിയുടെ 18-ാം ഇനമായി പെയിന്റിംഗ് നടത്തിയതിന് (Finishing Walls With Premium Acrylic Smooth Exterior Paint With Silicone Additive Of Required Shade (Two Or More Coats Applied @ 1.43 Ltr/10 Sqm Over And Includingpriming Coat Ofexterior Primer Applied @ 2.20 Kg/10sqm.) 150.01 $M^2$ അളവിന് 190/$m^2$ നിരക്കിൽ 28502/- രൂപ അനുവദിച്ചിട്ടുണ്ട്. ഈയിനം ചെയ്ത ഏരിയ ഉൾപ്പെടുന്ന ഭാഗത്തുള്ള Patch Plastering ചെയ്ത ഭാഗത്ത് ഇനം 17 ആയി സിമന്റ് പെയിന്റ് ഉപയോഗിച്ച് പെയിന്റിംഗ് 33.22 $M^2$ ചെയ്തിരിക്കുന്നതിന് (Finishing Walls With Water Proofing Cement Paint Of Required Shade Two Or More Coats Applied) @ 100/- രൂപ നിരക്കിൽ 3322/- രൂപ കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ഇനം 18 ആയി ഈ ഭാഗം പ്രൈമർ ഉൾപ്പെടെ പെയിന്റ് ചെയ്തിരിക്കുന്നതിനാൽ ഇനം 17 ന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. അതിനാൽ ഇനം 17ന് അനുവദിച്ച 3322/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13 ) ഒരു കോട്ട് പ്രൈമർ അടിച്ചാൽ പ്രതലം സ്മൂത്ത് ആകുക പ്രയാസമാണെന്നും രണ്ടോ മൂന്നോ കോട്ട് പ്രൈമർ ചെയ്താൽ മാത്രമേ എമൽഷൻ ചെയ്യാൻ ആവുകയുള്ളുവെന്നും അതിനാലാണ് രണ്ട് ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതെന്നമാണ് മറുപടി നൽകിയിട്ടുള്ളത്. Finishing Walls With Premium Acrylic Smooth Exterior Paint എന്നീ ഇനത്തിൽ പ്രൈമർ അടിക്കുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് നിരക്ക് കണ്ടെത്തി അനുവദിച്ചിരിക്കുന്നത്. അതിനാൽ മേൽപ്പറഞ്ഞ മറുപടി അംഗീകരിക്കുന്നില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 199709 | സാന്ത്വന പരിചരണ പദ്ധതി | 199709 | 00 |
| | | 203450 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 203450 | 00 |
| | | 131204 | അനുപൂരക പോഷകാഹാര പദ്ധതി | 131204 | 00 |
| | | 100000 | അഗതി ആശ്രയ പദ്ധതി | 100000 | 00 |
| ആകെ | | 634363 | | 634363 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 199380 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 199380 | 00 |
| | | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 00 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 500000 | ലൈഫ് ഭവന പദ്ധതി | | 00 |
| | 2021-22 | 630000 | | 1130000 | |
| | 2020-21 | 29898 | അങ്കണവാടി നിർമ്മാണം | | 00 |
| | 2021-22 | 307303 | | 337201 | |
| | 2020-21 | 131950 | അങ്കണവാടി നിർമ്മാണം | - | 00 |
| | 2021-22 | - | | 131950 | |
| | 2021-22 | 100000 | പാലിന് സബ്സിഡി | 100000 | 00 |
| ആകെ | | 1059278 | | 0 | |

## 4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റെൻഷൻ | 99950 | 00 | 99950 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി ഇല്ല | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 440000 | 25052000 | 2596000 | | 22896000 |

തിരിച്ചടവായി കാണിച്ചിട്ടുള്ള തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | 2021-22 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 400000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 400000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 400000 |

ഗ്രാമ പഞ്ചായത്ത് സി ഡി എസും കൂടി ചേർന്ന് ബി.പി.എൽ ഗുണഭോക്താക്കൾക്ക് ഗ്യാസ് കണക്ഷൻ നല്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട കേസിൽ (OP2077/2010) ബഹു.LSGD ഓംബുഡ്സ്മാന്റെ നിർദ്ദേശപ്രകാരം ചേർത്തല സബ് കോടതിയിൽ സെക്യൂരിറ്റിയായി ഒടുക്കിയത്.

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 2,462/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2020-21 | 1-30(2) | 2462 | സിനി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | 12103010134/29.10.21 |
| ആകെ | | 2462 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 104033934 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 95497316 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 44147 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 601991 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 (1) | | 9660 | ശ്രീ.ഷാനവാസ്.ഇ, സെക്രട്ടറി |
| 3-2 | | 672 | ശ്രീമതി. ശീതൾ പ്രദീപ് കുമാർ, ICDS സൂപ്പർവൈസർ |
| 3-3 | | 27133 | ശ്രീ.കബീർ കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 3360 | ശ്രീ.കബീർ കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 3322 | ശ്രീ.കബീർ കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 44147 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 166318 | ശ്രീ.ഷാനവാസ്.ഇ, സെക്രട്ടറി |
| 1-28 (1) | 29284 | ഡോ. രഞ്ജിത്ത് മോനായി. സി, മെഡിക്കൽ ഓഫീസർ, PHC |

| | | |
|---|---|---|
| 1-28(2) | 6439 | ഡോ. രഞ്ജിത്ത് മോനായി. സി, മെഡിക്കൽ ഓഫീസർ, PHC |
| 1-28 (3) | 300000 | ഡോ. രഞ്ജിത്ത് മോനായി. സി, മെഡിക്കൽ ഓഫീസർ, PHC |
| 1-21 | 99950 | ശ്രീമതി.ജയ.പി, സെക്രട്ടറി |
| ആകെ | 601991 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-1 (2) | 1044 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാനവാസ്.ഇ ,സെക്രട്ടറി | സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത് | താന്നിക്കൽ, എസ്.വി മാർക്കറ്റ് പി.ഒ, കരുനാഗപ്പള്ളി |
| ശ്രീ.കബീർ.കെ.എം, അസിസ്റ്റന്റ് എഞ്ചിനിയർ | വിരമിച്ചു | തൌഫീക്ക് വീട്, തോണ്ടൻകുളങ്ങര, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |
| ശ്രീമതി. ശീതൾ പ്രദീപ് കുമാർ,ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ, അന്തിക്കാട്, തൃശ്ശൂർ | തട്ടാംവെളി, കളവംകോടം പി.ഒ, ചേർത്തല |
| ഡോ. രഞ്ജിത്ത് മോനായി.സി, മെഡിക്കൽ ഓഫീസർ, PHC | മെഡിക്കൽ ഓഫീസർ,PHC, തുറവൂർ | കാർത്തിക, തുറവൂർ പി.ഒ, ചേർത്തല |
| ശ്രീമതി.ജയ.പി, സെക്രട്ടറി | സെക്രട്ടറി, തുറവൂർ ഗ്രാമപഞ്ചായത്ത് | ജയപ്രിയ, കലവൂർ പി.ഒ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11 തീയതി, 17-01-12 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/13 തീയതി, 05-05-14 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി2-123/121 തീയതി, 30-04-13 |
| 2012-13 | എൽ.എഫ്. എ പി 2-1038/14 തീയതി, 03-08-14/29-11-14 |
| 2013-14 & 2014-15 | കെ.എസ്.എ.എൽ.പി.പി 2-88/2016 തീയതി, 17-02-16 |

| | |
|---|---|
| 2015-16 | കെ.എസ്.എ.എൽ.പി.പി 2-22/2017 തീയതി, 05-04-17 |
| 2016-17 | കെ.എസ്.എ.എൽ.പി.പി 2-856/2017 തീയതി, 10.07.2017 |
| 2017-18 | കെ.എസ്.എ.എൽ.പി.പി 2-1253/2018 തീയതി, 30.8.18 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി2-134/2020 തീയതി, 09.06.2020 |
| 2019-20 | നം.കെ.എസ്.എ/എ.എൽ.പി/പി2-738/2020 തീയതി, 24.09.2021 |
| 2020-21 | നം.കെ.എസ്.എ/എ.എൽ.പി/പി2-732/2021 തീയതി, 24.09.2021 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്